KSBCDC

കേരള സംസ്ഥാന
പിന്നോക്ക വിഭാഗ
വികസന കോർപ്പറേഷൻ

ksbcdc.com

# സ്വയം തൊഴിൽ വായ്പാ പദ്ധതികൾ

കേരളത്തിലെ മറ്റു പിന്നോക്ക ന്യൂനപക്ഷ വിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരുടെ സാമൂഹിക, സാമ്പത്തിക വിദ്യാഭ്യാസ ഉന്നമനം എന്ന ലക്ഷ്യവുമായാണ് കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ 1995-ൽ സ്ഥാപിതമായത്. വളരെ കുറഞ്ഞ പലിശ നിരക്കിലും ലളിതമായ വ്യവസ്ഥയിലുമാണ് വിവിധ വായ്പാ പദ്ധതികൾ കോർപ്പറേഷൻ നടപ്പിലാക്കിവരുന്നത്. വായ്പാ പദ്ധതികൾക്ക് പുറമേ തൊഴിലധിഷ്ഠിത പലിശീലനം, വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പുകൾ, വിപണനമേളകൾ (BCDC EXPO) തുടങ്ങിയ ക്ഷേമ പ്രവർത്തനങ്ങളും കോർപ്പറേഷൻ നടത്തി വരുന്നു. 1995 മുതൽ 31.12.2016 വരെ 4 ലക്ഷം കുടുംബങ്ങൾക്കായി 2260 കോടിയോളം രൂപ വായ്പാ ധനസഹായമായി അനുവദിച്ചിട്ടുണ്ട്. ഒ.ബി.സി. വിഭാഗങ്ങൾക്ക് വേണ്ടിയുള്ള വായ്പാ പദ്ധതികൾ ദേശീയ പിന്നോക്ക വിഭാഗ ധനകാര്യ വികസന കോർപ്പറേഷന്റെ (NBCFDC)യും മത ന്യൂനപക്ഷ വിഭാഗങ്ങൾക്ക് വേണ്ടിയുള്ള പദ്ധതികൾ ദേശീയ ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷന്റെ (NMDFC)യും ധനസഹായമുപയോഗിച്ചാണ് നടപ്പിലാക്കിവരുന്നത്.

## ഒ.ബി.സി. വിഭാഗത്തിനുവേണ്ടിയുള്ള വായ്പാ പദ്ധതി

വരുമാനദായകമായ ഏതൊരു നിയമാനുസൃത സംരംഭം ആരംഭിക്കുന്നതിനും വായ്പ ലഭിക്കുന്നതാണ്. പരമാവധി വായ്പ തുക 10 ലക്ഷം രൂപയാണ്. ഗ്രാമങ്ങളിൽ 98,000/- രൂപയിലും, നഗരങ്ങളിൽ 1,20,000/- രൂപയിലും താഴെ കുടുംബവാർഷിക വരുമാനമുള്ള 18 നും 55 നും മദ്ധ്യേ പ്രായമുള്ളവർക്കാണ് വായ്പ നൽകുന്നത്. പദ്ധതി അടങ്കലിന്റെ 90% വരെ വായ്പയായി അനുവദിക്കും. ബാക്കി തുക ഗുണഭോക്താവ് കണ്ടെത്തേണ്ടതാണ്. പരമാവധി വായ്പാ തുക, പലിശ നിരക്ക്, തിരിച്ചടവ് കാലാവധി എന്നിവ സംബന്ധിച്ച വിശദാംശം ചുവടെ ചേർക്കുന്നു.

| പദ്ധതിയുടെ പേര് | പരമാവധി വായ്പാ തുക | പലിശ നിരക്ക് | തിരിച്ചടവ് കാലാവധി (മാസ തവണകൾ) |
|---|---|---|---|
| സ്വയം തൊഴിൽ പദ്ധതി | 10 ലക്ഷം രൂപ | 5 ലക്ഷം രൂപ വരെ – 6% | 2 ലക്ഷം രൂപ വരെ 60 മാസം |
| | | 5 ലക്ഷത്തിനു മുകളിൽ – 7% | 2 മുതൽ 5 ലക്ഷം വരെ 72 മാസം |
| | | | 5 ലക്ഷത്തിനുമുകളിൽ 84 മാസം |

## മതന്യൂനപക്ഷ വിഭാഗങ്ങൾക്കു വേണ്ടിയുള്ള വായ്പ പദ്ധതികൾ

മത ന്യൂനപക്ഷ വിഭാഗത്തിനുവേണ്ടി 2 സ്വയം തൊഴിൽ വായ്പാ പദ്ധതികൾ കോർപ്പറേഷൻ നടപ്പിലാക്കിവരുന്നു.

### പദ്ധതി – 1

വരുമാനദായകമായ ഏതൊരു നിയമാനുസൃത സംരംഭം ആരംഭിക്കുന്നതിനും വായ്പ ലഭിക്കുന്നതാണ്. ഗ്രാമങ്ങളിൽ 81,000/- രൂപയിലും, നഗരങ്ങളിൽ 1,03,000/- രൂപയിലും താഴെ കുടുംബവാർഷിക വരുമാനമുള്ള 18 നും 55 നും മദ്ധ്യേ പ്രായമുള്ളവർക്കാണ് വായ്പ നൽകുന്നത്. പരമാവധി വായ്പ തുക 20 ലക്ഷം രൂപയാണ്. പദ്ധതി അടങ്കലിന്റെ 90% വരെ വായ്പയായി അനുവദിക്കും. ബാക്കി തുക ഗുണഭോക്താവ് കണ്ടെത്തേണ്ടതാണ്.

## പദ്ധതി – 2

ഗ്രാമ നഗര ഭേദമില്ലാതെ 6 ലക്ഷം രൂപയിൽ താഴെ കുടുംബ വാർഷിക വരുമാനമുള്ള വ്യക്തികൾക്ക് ഈ പദ്ധതി പ്രകാരം പരമാവധി 30 ലക്ഷം രൂപ വരെ വായ്പ അനുവദിക്കുന്നതാണ്. സ്ത്രീകൾക്ക് 6% പലിശ നിരക്കിലും പുരുഷൻമാർക്ക് 8% പലിശ നിരക്കിലുമാണ് വായ്പ അനുവദിക്കുന്നത്. മറ്റ് വ്യവസ്ഥകൾ പദ്ധതി – 1 ന് സമാനമാണ്. പരമാവധി വായ്പാ തുക, പലിശ നിരക്ക്, തിരിച്ചടവ് കാലാവധി എന്നിവ സംബന്ധിച്ച വിശദാംശം ചുവടെ ചേർക്കുന്നു.

| പദ്ധതിയുടെ പേര് | പരമാവധി വായ്പാ തുക | പലിശ നിരക്ക് | തിരിച്ചടവ് കാലാവധി (മാസ തവണകൾ) |
|---|---|---|---|
| **സ്വയം തൊഴിൽ പദ്ധതി – 1** (ഗ്രാമങ്ങളിൽ 81,000/–രൂപയിലും, നഗരങ്ങളിൽ 1,03,000/–രൂപയിലും താഴെ കുടുംബവാർഷിക വരുമാനമുള്ളവർക്ക്) | 20 ലക്ഷം രൂപ | 6% | 60 മാസം |
| **സ്വയം തൊഴിൽ പദ്ധതി – 2** 6 ലക്ഷം രൂപയിൽ താഴെ കുടുംബവാർഷിക വരുമാനമുള്ളവർക്ക് | 30 ലക്ഷം രൂപ | പുരു: – 8% സ്ത്രീകൾ 6% | 60 മാസം |

## അപേക്ഷ സമർപ്പണം

ജില്ലാ/ഉപജില്ലാ ഓഫീസുകളിൽ നിന്നും 30 രൂപ നിരക്കിൽ ലഭിക്കുന്ന അപേക്ഷ ഫാറം പൂരിപ്പിച്ച് താഴെ പറയുന്ന രേഖകൾ സഹിതം സമർപ്പിക്കേണ്ടതാണ്. അപേക്ഷയോടൊപ്പം താഴെ പറയുന്ന രേഖകൾ ഹാജരാക്കേണ്ടതാണ്.

1) റേഷൻ കാർഡിന്റെ പകർപ്പ്
2) ഇലക്ഷൻ തിരിച്ചറിയൽ കാർഡിന്റെ പകർപ്പ്
3) ആധാർ കാർഡിന്റെ പകർപ്പ്
4) അപേക്ഷകന്റെ പേരിലുള്ള വീടിന്റെയും സ്ഥലത്തിന്റെയും കരമടച്ച രസീതിന്റെ പകർപ്പ്
5) അപേക്ഷകന്റെ വയസ്സ് തെളിയിക്കുന്ന സർട്ടിഫിക്കറ്റിന്റെ പകർപ്പ്
6) ബാങ്ക് പാസ്സ് ബുക്കിന്റെ അക്കൗണ്ട് നമ്പർ, ഐ എഫ് എസ് കോഡ് എന്നിവ രേഖപ്പെടുത്തിയ പേജിന്റെ പകർപ്പ്
7) വില്ലേജ് ഓഫീസിൽ നിന്ന് ലഭിക്കുന്ന ജാതി, കുടുംബവാർഷിക വരുമാനം എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റ്.

2 ലക്ഷം രൂപവരെയുള്ള വായ്പകൾക്ക് നിർദ്ദിഷ്ട മാതൃകയിലുള്ള ഫോറത്തിൽ പ്രോജക്ട് റിപ്പോർട്ട് എഴുതി സമർപ്പിച്ചാൽ മതിയാകും. എന്നാൽ 2 ലക്ഷം രൂപയ്ക്ക് മുകളിലുള്ള വായ്പകൾക്ക് വിശദമായ പ്രോജക്ട് റിപ്പോർട്ട് ഹാജരാക്കണം. താഴെ പറയുന്ന വിശദാംശങ്ങൾ അതിൽ ഉൾപ്പെടുത്തണം.

1. സംരംഭകനെക്കുറിച്ചുള്ള വിവരങ്ങൾ (വിദ്യാഭ്യാസയോഗ്യത, സാങ്കേതിക യോഗ്യത, പ്രായോഗിക പരിചയം തുടങ്ങിയവ)

2. പദ്ധതിയുടെ വിശദാംശങ്ങൾ
3. പദ്ധതി തുടങ്ങാനുദ്ദേശിക്കുന്ന സ്ഥലത്തിന്റെ അനുയോജ്യത
4. പദ്ധതി ചെലവും ധനാഗമന മാർഗ്ഗങ്ങളും
5. പദ്ധതിക്കാവശ്യമായ യന്ത്രസാമഗ്രികൾ
6. പദ്ധതിക്കാവശ്യമായ പ്രവർത്തനമൂലധനം കണ്ടെത്തുന്നതിനുള്ള മാർഗ്ഗങ്ങൾ
7. വിപണി സാധ്യതകൾ
8. ഉൽപ്പന്നം വിപണനം ചെയ്യുന്നതിനുള്ള മാർഗ്ഗങ്ങൾ
9. പദ്ധതി നടത്തിയാൽ ലഭിക്കാവുന്ന പ്രതീക്ഷിതലാഭം കണക്കാക്കി ഇതു സംബന്ധിച്ച് 5 വർഷത്തെ പി & എൽ സ്റ്റേറ്റ്മെന്റും, ലാഭ നഷ്ടക്കണക്ക് ബാലൻസ് ഷീറ്റും.
10. 5 വർഷത്തെ ക്യാഷ് ഫ്ളോ സ്റ്റേറ്റ്മെന്റ്
11. പദ്ധതിയുടെ ലാഭക്ഷമത വിലയിരുത്തുന്നതിനുള്ള സൂചികകൾ (ലാഭ നഷ്ട രഹിത ബിന്ദു (ബി.പി.ഇ.), പേബാക്ക് പിരിയഡ്, ലാഭക്ഷമത തുടങ്ങിയവ)

## ജാമ്യ വ്യവസ്ഥ

വായ്പക്കാരന്റെ സ്വന്തം ജാമ്യത്തിനുപുറമേ താഴെ ചേർക്കുന്ന ഏതെങ്കിലും ജാമ്യം നൽകേണ്ടതാണ്.

| ക്രമ നമ്പർ | ജാമ്യത്തിന്റെ തരം | അനുവദിക്കുന്ന പരമാവധി വായ്പാ തുക |
|---|---|---|
| 1 | ഉദ്യോഗസ്ഥജാമ്യം | 5 ലക്ഷം രൂപ |
| 2 | ദേശസാൽകൃത ബാങ്കുകൾ, ഷെഡ്യൂൾഡ് ബാങ്കുകൾ, സഹകരണ ബാങ്കുകൾ, കെ. എസ്. എഫ്. ഇ., പോസ്റ്റ് ഓഫീസ് എന്നിവിടങ്ങളിലെ സ്ഥിരനിക്ഷേപ പത്രങ്ങൾ, ദേശീയ സമ്പാദ്യ പദ്ധതി (NSC), എൽഐസി പോളിസി | 30 ലക്ഷം രൂപ |
| 3 | വസ്തു ജാമ്യം | 30 ലക്ഷം രൂപ |

5 ലക്ഷം രൂപ വരെയുള്ള വായ്പകൾക്ക് ഇവയിൽ ഏതു ജാമ്യവും ഹാജരാക്കാം. എന്നാൽ വ്യത്യസ്ത തരം ജാമ്യങ്ങൾ ഇടകലർത്താനാവില്ല. 5 ലക്ഷത്തിനു മുകളിലുള്ള വായ്പകൾക്ക് മറ്റുതരം ജാമ്യവുമായി ഉദ്യോഗസ്ഥ ജാമ്യം കൂട്ടിച്ചേർത്ത് ആകെ ആവശ്യമായ ജാമ്യം ഹാജരാക്കാവുന്നതാണ്.


**കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ**

ഹെഡ് ഓഫീസ് : റ്റി.സി. 27/588(7) & (8)
പാറ്റൂർ, വഞ്ചിയൂർ പി.ഒ., തിരുവനന്തപുരം 695035
ഫോൺ : 0471- 2577550, 2577539 ksbcdc@gmail.com Web : www.ksbcdc.com

**ജില്ലാ ഓഫീസുകൾ** : തിരുവനന്തപുരം 0471 2554522 • കൊല്ലം 0474 2766276
പത്തനംതിട്ട 0468 2226111 • ആലപ്പുഴ 0477 2254121 • കോട്ടയം 0481 2303925
ഇടുക്കി 0486 2235264 • എറണാകുളം 0484 2394005 • തൃശ്ശൂർ 0487 2321776
പാലക്കാട് 0491 2545167 • മലപ്പുറം 0483 2734114 • കോഴിക്കോട് 0495 2705800
വയനാട് 0493 6246309 • കണ്ണൂർ 0497 2706196 • കാസർഗോഡ് 0499 4227060
ഉപജില്ലാ ഓഫീസുകൾ : വർക്കല 0470 2605522 • ഹരിപ്പാട് 0479 2412110
ചേലക്കര 0488 4252523 • പട്ടാമ്പി 0466 2210244 • തിരൂർ 0494 2432275 • വണ്ടൂർ 0493 1248300

# കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ

# വായ്പാ പദ്ധതികൾ

**മറ്റു പിന്നോക്ക വിഭാഗങ്ങളുടെ ക്ഷേമത്തിനായി നടപ്പിലാക്കുന്ന**

## NBCFDC പദ്ധതി

| | |
|---|---|
| പരമാവധി തുക | 10 ലക്ഷം രൂപ |
| പലിശ നിരക്ക് | 5 ലക്ഷം രൂപ വരെ 6%, 5 ലക്ഷത്തിനു മുകളിൽ 7% |
| തിരിച്ചടവ് കാലാവധി | 2 ലക്ഷം രൂപ വരെ - 60 മാസം<br>2 ലക്ഷത്തിന് മുകളിൽ 5 ലക്ഷം വരെ - 72 മാസം<br>5 ലക്ഷത്തിനു മുകളിൽ - 84 മാസം |
| പ്രായ പരിധി | 18നും - 55നും മദ്ധ്യേ |
| വാർഷിക വരുമാന പരിധി | ഗ്രാമങ്ങളിൽ 98000, നഗരങ്ങളിൽ 120000 രൂപ |

**മതന്യൂനപക്ഷ വിഭാഗങ്ങളുടെ ക്ഷേമത്തിനായി നടപ്പിലാക്കുന്ന**

## NMDFC പദ്ധതി

| | |
|---|---|
| **പദ്ധതി – 1** | |
| പരമാവധി തുക | 20 ലക്ഷം രൂപ |
| പലിശ നിരക്ക് | 6% |
| തിരിച്ചടവ് കാലാവധി | 60 മാസം |
| പ്രായ പരിധി | 18നും - 55നും മദ്ധ്യേ |
| വാർഷിക വരുമാന പരിധി | ഗ്രാമങ്ങളിൽ 81000, നഗരങ്ങളിൽ 103000 രൂപ |
| **പദ്ധതി – 2** | |
| പരമാവധി തുക | 30 ലക്ഷം രൂപ |
| പലിശ നിരക്ക് | പുരുഷന്മാർ - 8% സ്ത്രീകൾ - 6% |
| തിരിച്ചടവ് കാലാവധി | 60 മാസം |
| പ്രായ പരിധി | 18നും - 55നും മദ്ധ്യേ |
| വാർഷിക വരുമാന പരിധി | 6 ലക്ഷം രൂപ |

# ജാമ്യ വ്യവസ്ഥ

വായ്പക്കാരന്റെ സ്വന്തം ജാമ്യത്തിനുപുറമെ താഴെ ചേർക്കുന്ന ഏതെങ്കിലും ജാമ്യം നൽകേണ്ടതാണ്

| ക്രമ നമ്പർ | ജാമ്യത്തിന്റെതരം | അനുവദിക്കുന്ന പരമാവധി വായ്പാ തുക |
|---|---|---|
| 1 | ഉദ്യോഗസ്ഥജാമ്യം | 5 ലക്ഷം രൂപ |
| 2 | ദേശസാൽകൃത ബാങ്കുകൾ, ഷെഡ്യൂൾഡ് ബാങ്കുകൾ, സഹകരണ ബേങ്കുകൾ, കെ.എസ്.എഫ്.ഇ., പോസ്റ്റ് ഓഫീസ് എന്നിവിടങ്ങളിലെ സ്ഥിരനിക്ഷേപ പത്രങ്ങൾ, ദേശീയ സമ്പാദ്യപദ്ധതി (NSC), എൽഐസി പോളിസി | 30 ലക്ഷം രൂപ |
| 3 | വസ്തു ജാമ്യം | 30 ലക്ഷം രൂപ |

5 ലക്ഷം രൂപ വരെയുള്ള വായ്പകൾക്ക് ഇവയിൽ ഏതു ജാമ്യവും ഹാജരാക്കാം. എന്നാൽ വ്യത്യസ്ത തരം ജാമ്യങ്ങൾ ഇടകലർത്താനാവില്ല. 5 ലക്ഷത്തിനു മുകളിലുള്ള വായ്പകൾക്ക് മറ്റുതരം ജാമ്യവുമായി ഉദ്യോഗസ്ഥ ജാമ്യം കൂട്ടിച്ചേർത്ത് ആകെ ആവശ്യമായ ജാമ്യം ഹാജരാക്കാവുന്നതാണ്.

## 1 സ്ഥിര നിക്ഷേപം

നിക്ഷേപതുകയുടെ 80% തുക വരെ വായ്പയായി അനുവദിക്കുന്നതാണ്. നിക്ഷേപം നടത്തിയിരിക്കുന്ന ബാങ്കിൽ നിന്നും ലീൻ രേഖപ്പെടുത്തി വാങ്ങേണ്ടതാണ്. മറ്റൊരാളുടെ പേരിലുള്ള സ്ഥിര നിക്ഷേപമാണെങ്കിൽ, ജാമ്യമായി സ്ഥിര നിക്ഷേപം കോർപ്പറേഷനിൽ നിക്ഷേപിക്കുന്നതിനും, ആവശ്യമുള്ള പക്ഷം കാലാവധി പൂർത്തിയാകുമ്പോൾ ലഭിക്കുന്ന തുക വായ്പാ ബാധ്യത തീർക്കുന്നതിന് വിനിയോഗിക്കുന്നതിനും അനുമതി നൽകുന്ന സമ്മതപത്രം ഹാജരാക്കണം.

## എൽ.ഐ.സി പോളിസി

പോളിസി സറണ്ടർ തുകയുടെ 80% വരെ വായ്പയായി അനുവദിക്കുന്നതാണ്. വായ്പാ തിരിച്ചടവ് കാലയളവിനേക്കാൾ 6 മാസമെങ്കിലും കാലാവധി ഉള്ള പോളിസി മാത്രമേ സ്വീകരിക്കുകയുള്ളൂ. എൽ.ഐ.സി യിൽ നിന്നും ലീൻ രേഖപ്പെടുത്തി വാങ്ങേണ്ടതാണ്.

## ദേശീയ സമ്പാദ്യ പദ്ധതി (NSC)

നിക്ഷേപതുകയുടെ 80% തുക വരെ വായ്പയായി അനുവദിക്കുന്നു. വായ്പ തിരിച്ചടവ് കാലയളവിനേക്കാൾ 6 മാസമെങ്കിലും കാലാവധി ഉള്ള നിക്ഷേപങ്ങൾ മാത്രമേ സ്വീകരിക്കുകയുള്ളു. പോസ്റ്റോഫീസിൽ നിന്നും ലീൻ രേഖപ്പെടുത്തി വാങ്ങേണ്ടതാണ്.

## 2 ഉദ്യോഗസ്ഥ ജാമ്യം

1. ജാമ്യക്കാരനായ ഉദ്യോഗസ്ഥൻ സർക്കാർ / അർദ്ധ സർക്കാർ/ പൊതുമേഖലാ സ്ഥാപനങ്ങൾ, സ്വയം ഭരണ സ്ഥാപനങ്ങൾ, സർക്കാർ ഉടമസ്ഥതയിലുള്ള കമ്പനികൾ, സംസ്ഥാന അടിസ്ഥാനത്തിലുള്ള apex സഹകരണ സ്ഥാപനങ്ങൾ, സർവ്വീസ് സഹകരണ ബാങ്കുകൾ, സർക്കാർ എയിഡഡ് സ്കൂളുകൾ, കോളേജുകൾ എന്നീ സ്ഥാപനങ്ങളിൽ സ്ഥിരം സേവനമനുഷ്ഠിക്കുന്നവരായിരിക്കണം. പ്രാഥമിക സഹകരണ സംഘങ്ങളിൽ ജോലി ചെയ്യുന്ന ഉദ്യോഗസ്ഥരുടേയും സ്വകാര്യ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്നവരുടെയും ജാമ്യം സ്വീകരിക്കുന്നതല്ല.
2. ജാമ്യക്കാരന് വായ്പയുടെ തിരിച്ചടവ് കാലാവധിയേക്കാൾ ഒരു വർഷം കൂടുതൽ സർവ്വീസ് ബാക്കി ഉണ്ടായിരിക്കേണ്ടതാണ്.
3. മൊത്ത ശമ്പളത്തിന്റെ 60% ൽ കൂടുതൽ റിക്കവറി ഉള്ള ശമ്പള സർട്ടിഫിക്കറ്റ് സ്വീകരിക്കുന്നതല്ല.
4. ജാമ്യക്കാരനായ ഉദ്യോഗസ്ഥന് വായ്പതുകയുടെ 12% ൽ കുറയാത്ത മൊത്ത ശമ്പളം ആവശ്യമാണ്. ശമ്പളത്തിൽ നിന്നും റിക്കവറി നടത്തുന്നതിനുള്ള മേലുദ്യോഗസ്ഥന്റെ സമ്മതപത്രം ഹാജരാക്കാത്തപക്ഷം വായ്പാതുകയുടെ 20% ൽ കുറയാത്ത മൊത്ത ശമ്പളം ആവശ്യമാണ്.
5. ഒരു ഉദ്യോഗസ്ഥന്റെ മൊത്തശമ്പളം തികയാതെ വന്നാൽ ഒന്നിൽ കൂടുതൽ ഉദ്യോഗസ്ഥ ജാമ്യം പരിഗണിക്കാവുന്നതാണ്. 2.5 ലക്ഷത്തിനു മുകളിലുള്ള വായ്പയ്ക്ക് 2 ജാമ്യം അനിവാര്യമാണ്.
6. ഉദ്യോഗസ്ഥർക്ക് അനുവദിക്കുന്ന വായ്പകൾക്ക്, അപേക്ഷകന് പ്രതിമാസ തിരിച്ചടവ് സംഖ്യയുടെ 3 ഇരട്ടിയെങ്കിലും മാസ അറ്റവേതനം ആവശ്യമാണ്.
7. ജാമ്യക്കാരനായ ഉദ്യോഗസ്ഥൻ കോർപ്പറേഷൻ നിശ്ചയിച്ചിട്ടുള്ള ഫോറത്തിൽ ശമ്പള സർട്ടിഫിക്കറ്റ് സമർപ്പിക്കേണ്ടതാണ്. (ഫോം 3 A)
8. ജാമ്യക്കാരനായ ഉദ്യോഗസ്ഥൻ തന്നെ ഡ്രോയിംഗ് ഓഫീസറാണെങ്കിൽ തൊട്ടു മുകളിലുള്ള ഓഫീസറുടെ മേലൊപ്പ് ശമ്പള സർട്ടിഫിക്കറ്റിൽ ഉണ്ടായിരിക്കേണ്ടതാണ്.
9. ജാമ്യക്കാരൻ ഗസറ്റഡ് ഉദ്യോഗസ്ഥനാണെങ്കിൽ ജാമ്യക്കാരന് തന്നെ ശമ്പളസർട്ടിഫിക്കറ്റ് ഒപ്പിടാവുന്നതാണ്. ഇങ്ങനെയുള്ള സന്ദർഭങ്ങളിൽ ട്രഷറിയുടെ പേരും, ഉദ്യോഗസ്ഥന്റെ ഓഡിറ്റ് നമ്പറും, ശമ്പള സർട്ടി

ഫിക്കറ്റിൽ രേഖപ്പെടുത്തേണ്ടതാണ്. കൂടാതെ തൊട്ടുമുകളിലുള്ള ഉദ്യോഗസ്ഥൻ ജാമ്യക്കാരന്റെ ഒപ്പ് സാക്ഷ്യപ്പെടുത്തേണ്ടതുമാണ്.

10. കെ.എസ്.ഇ.ബി., പി.ഡബ്ല്യു.ഡി, കെ.ഡബ്ല്യു.എ. തുടങ്ങിയ സ്ഥാപനങ്ങളിൽ നിന്നും നൽകുന്ന ശമ്പള സർട്ടിഫിക്കറ്റിൽ അസി. എക്സിക്യൂട്ടീവ് എൻജിനീയർ റാങ്കിൽ കുറയാത്ത ഉദ്യോഗസ്ഥൻ ഒപ്പിടേണ്ടതാണ്.
11. ജാമ്യക്കാരൻ എയിഡഡ് സ്കൂൾ/കോളേജിലെ ഉദ്യോഗസ്ഥനാണെങ്കിൽ ശമ്പള സർട്ടിഫിക്കറ്റ് അതാത് സ്ഥാപനത്തിലെ ഹെഡ്മാസ്റ്റർ / പ്രിൻസിപ്പൽ ഒപ്പിടേണ്ടതാണ്.
12. ശമ്പള സർട്ടിഫിക്കറ്റിൽ, സർട്ടിഫിക്കറ്റ് നൽകുന്ന ആളിന്റേയോ തൊട്ടു മുകളിലുള്ള ഉദ്യോഗസ്ഥന്റെയോ പേര്, ഉദ്യോഗപേര്, ഓഫീസ് സീൽ എന്നിവ ഉണ്ടായിരിക്കേണ്ടതാണ്.
13. ചില പൊതുമേഖല സ്ഥാപനങ്ങൾ/സ്വയം സംഭരണ സ്ഥാപനങ്ങൾ ഇവയിൽ ജോലി ചെയ്യുന്നവരുടെ ജാമ്യം സ്വീകരിക്കുന്നതല്ല. ഇങ്ങനെയുള്ള സ്ഥാപനങ്ങളുടെ വിശദവിരങ്ങൾ ഹെഡ് ഓഫീസിൽ നിന്നും കാലാകാലങ്ങളിൽ അറിയിക്കുന്നതാണ്.

## 3 വസ്തു ജാമ്യം

1. ജാമ്യ വസ്തുവിന്റെ മതിപ്പുവിലയുടെ 80% തുക വായ്പയായി അനുവദിക്കും.
2. വസ്തുജാമ്യത്തിന് ഹാജരാക്കേണ്ട രേഖകൾ
   a. വസ്തുവിന്റെ അസൽ പ്രമാണം.
   b. മുൻ ആധാരം
   c. തഹസിൽദാർ/വില്ലേജ് ആഫീസർ/നിർദ്ദിഷ്ട KSBCDC ഉദ്യോഗസ്ഥൻ നൽകിയ വസ്തുവിന്റെ മതിപ്പുവില സർട്ടിഫിക്കറ്റ്/ ഫെയർ വാല്യ സർട്ടിഫിക്കറ്റ്
   d. വസ്തുവിന്റെ തന്നാണ്ടത്തെ കരം തീർത്ത രസീത്
   e. വില്ലേജ്ഓഫീസർ നൽകിയ നോൺഅറ്റാച്ച്മെന്റ് സർട്ടിഫിക്കറ്റ്
   f. വില്ലേജ് ഓഫീസർ നൽകിയ ലൊക്കേഷൻ സർട്ടിഫിക്കറ്റ്
   g. വില്ലേജ് ഓഫീസർ നൽകിയ കൈവശാവകാശ സർട്ടിഫിക്കറ്റ്
   h സബ് രജിസ്ട്രാറിൽനിന്നുള്ള 13വർഷത്തെ കുടിക്കട സർട്ടിഫിക്കറ്റ്
   i. മറ്റൊരാളുടെ വസ്തുവാണെങ്കിൽ നൂറു രൂപ മുദ്രപത്രത്തിൽ ഉടമസ്ഥന്റെ സമ്മതപത്രം (നിർദ്ദിഷ്ട മാതൃകയിൽ)

## മറ്റുപിന്നോക്ക - സമുദായങ്ങളുടെ ലിസ്റ്റ്

**I. സംസ്ഥാനമൊട്ടാകെ**

1. അഗസ (Agasa)
2. അമ്പലക്കാരൻ
3. ആംഗ്ലോ ഇൻഡ്യൻ
4. അരേമറാട്ടി
5. ആര്യ
6. ബണ്ഡാരി
7. ബില്ലവ
   7(a) ബോയൻ (മലബാർ)
8. ചെക്കാല/ചെക്കാല നായർ
9. ചവളക്കാരൻ
10. ചെട്ടി/ചെട്ടീസ്(കോട്ടാർചെട്ടി, പറക്കച്ചെട്ടി, ഏലൂർചെട്ടി, ആറ്റിങ്ങൽ ചെട്ടി, പുതുക്കടചെട്ടി, ഇരണിയൽചെട്ടി, ശ്രീപണ്ഢാരചെട്ടി, തെലുങ്കുചെട്ടി, പേരൂർക്കടചെട്ടി, ഉദിയൻകുളങ്ങര ചെട്ടി, സാധുചെട്ടി, 24 മനൈചെട്ടികൾ, (24 Manai Chetties) വയനാടൻ ചെട്ടി, കലവറ ചെട്ടി, 24 മനൈ തെലുങ്ക് ചെട്ടീസ്), മൗണ്ടാടൻ ചെട്ടി, ഇടനാടൻ ചെട്ടി
11. ദേവദിഗ (Devadiga)
12. ദേവാംഗ (Devanga)
13. ധീവര (അരയൻ, വാലൻ, നുളയൻ, മുക്കുവൻ (മുകയ-മുകവീര), അരയവാത്തി, വളിഞ്ഞിയാർ, പാണിയാക്കൽ, മുകയ, ബോവി-മുകയാർ, മുകവീരൻ)
14. ഈഴവരും, തീയരും
   1. ഈഴവൻ, ഇഴവൻ, ഇളവൻ
   2. ഇഴുവ, ഇഷുവ, എഴുവ
   3. ഇഴുവൻ, ഇഷുവൻ, എഴുവൽ
   4. ഇഴവ, ഇഴവൻ
   5. ഇള്ളുവ
   6. ഇള്ളുവൻ
   7. ഇരവ
   8. ഇരുവ
15. ഈഴവാത്തി
16. എഴുത്തച്ഛൻ
17. ഗണിക
18. ഗട്ടി (Gatti)
19. ഗൗഡ (Gowda)
20. ഹെഗ്ഡേ (Hegde)
21. ജോഗി
22. കടുപ്പട്ടൻ (Kaduppattan)
23. കയ്കോലൻ (Kaikolan)
24. കോലാശാരി, കലശപ്പണിക്കർ
25. കളരിക്കുറുപ്പ് അല്ലെങ്കിൽ കളരിപ്പണിക്കർ
26. വിശ്വകർമ്മ (ആശാരി, ചപ്ത്തേഗ്ര, കല്ലാശ്ശാരി, കൽത്തച്ചൻ, കമ്മാള, കംസല, കന്നാൻ, കരുവാൻ, കൂടാരൻ, കൊല്ലൻ, മലയാള കമ്മാള, മൂശാരി, പാണ്ടിക്കമ്മാള, പാണ്ടിതട്ടാൻ, പെരുംകൊല്ലൻ, തച്ചൻ, തട്ടാൻ, വിൽക്കുറുപ്പ്, വില്ലാശാൻ, വിശ്വബ്രാഹ്മണൻ അല്ലെങ്കിൽ വിശ്വ ബ്രാഹ്മണർ, വിശ്വകർമ്മാള, പലിശ പെരുംകൊല്ലൻ
27. കന്നടിയാൻ (Kannadiyans)
28. കണിശു അല്ലെങ്കിൽ കണിയാർ പണിക്കർ, കാണി അല്ലെങ്കിൽ കണിയാൻ (KWI) അല്ലെങ്കിൽ കണിശാൻ അല്ലെങ്കിൽ കമ്നൻ (Kamnan)
29. കാവുതിയ (Kavuthiya)
30. കാവുടിയാരു (Kavudiyaru)
31. കോടയാർ (Koteyar)
32. കൃഷ്ണൻ വക
33. കേരള മുതലി (Kerala mudali)
34. കുടുംബി
35. കുശവൻ (കുലാല, കുലാല നായർ അല്ലെങ്കിൽ ആന്ധ്രാനായർ

അല്ലെങ്കിൽ ആന്ദുരുനായർ)
36. കുംബാരൻ (Kumbaran)
37. കുറുംബ
38. ലത്തീൻ കത്തോലിക്കർ
39. മടിവല (Madivalas)
40. മഹേന്ദ്ര-മെദ്ര
41. മറവൻ (Maravans)
42. മരുതവർ (Maruthavar)
43. മുസ്ലീം/മാപ്പിള
44. നാടാർ (ഹിന്ദു)
45. നായിക്കൻ
46. ഓടൻ
47. ക്രിസ്തുമതത്തിലേക്ക് പരിവർത്തനം ചെയ്ത പട്ടിക ജാതിക്കാർ
48. പണ്ഡിതർ
49. പന്നിയാർ (Panniyar)
50. പട്ടാര്യ
51. പെരുവണ്ണാൻ (വാരണവൻ) (Varanavar)
52. പുള്ളുവൻ
53. രജപൂർ (Rajapur)
54. ചക്രവർ, ശക്രവർ (കാവതി)
55. സൗരാഷ്ട്രർ
56. ശാലിയ, ചാലിയ (ചാലിയൻ)
57. സേനാത്തലവൻ (എളവാണിയ) (Elavaniar)
58. എസ്ഐയുസി (നാടാർ ഒഴികെ)
59. എസ്.ഐ.യു.സി നാടാർ
60. തച്ചർ (Thachar)
61. തോൽക്കൊല്ലൻ (Tholkollan)
62. തോട്ടിയൻ
63. വടുവൻ, വടുഗൻ, വടുകർ, വടുക (വട്ടുക്കൻ)
64. വേളാൻ, വേളാർ
65. വാണിയൻ (വാണിക, വാണിക വൈശ്യ, വാണിഭചെട്ടി, വാണിയ ചെട്ടി, അയിരവർ, നാഗരതർ, വാണിയാൻ
66. വാണിയർ (Vaniar)
67. വക്കലിഗ (Vakkaliga)
68. വീരശൈവ (യോഗി, യോഗീശ്വര, പണ്ടാരം, പൂപണ്ടാരം/മലപ്പണ്ടാരം, ജംഗം)
69. വെളുത്തേടത്ത് നായർ (വെളുത്തേടൻ, വണ്ണത്താൻ)
70. വിളക്കിത്തല നായർ (വിളക്കിത്തലവൻ)
71. യാദവൻ (കോലയ, ആയർ, മായർ, മണിയാണി, ഇരുമൻ)
72. കോംഗു നവിതൻ, വേട്ടുവനവിതൻ, അടുത്തോൺ
73. മൂപ്പർ, കല്ലൻ മൂപ്പൻ, കല്ലൻമൂപ്പർ
74. കൊങ്ങു വെള്ളാള ഗൗണ്ടർ, വെള്ളാള ഗൗണ്ടർ, നാട്ടു ഗൗണ്ടർ, പാലാ ഗൗണ്ടർ, പൂസാരി ഗൗണ്ടർ, പാലാ വെള്ളാള ഗൗണ്ടർ

**II. മലബാർ ജില്ലയിൽ**

1. ബോയൻ
2. ഗെൻജാം റെഡ്ഡി (Ganjan Reddis)
3. വിഷനവൻ (Visanavan)

**III. മലബാർ ജില്ല ഒഴികെ സംസ്ഥാന മൊട്ടാകെ**

1. കമ്മാര (Kammara)
2. മലയൻ
3. മലയേകണ്ടി (Malayekandi)
4. ഡെഡ്യാർ

**IV. മലബാർജില്ലയിലെ കാസർഗോഡ് താലൂക്ക് ഒഴികെ സംസ്ഥാനമൊട്ടാകെ**

1. മറാട്ടി (Marati)

**II. ന്യൂനപക്ഷ സമുദായങ്ങൾ**

1. ക്രിസ്ത്യൻ
2. മുസ്ലീം
3. സിക്ക്
4. ബുദ്ധ
5. പാഴ്സി